# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3233

18.10.2016-ൽ മറുപടിക്ക്

## കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ നിന്ന് പണാപഹരണം

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ :**

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ ജില്ലാ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

**മറുപടി**

**ശ്രീ. എ.സി. മൊയ്തീൻ**
**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ പേരിൽ ജില്ല സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നും തുക തട്ടിയെടുത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ബാങ്ക് മുൻ സെക്രട്ടറി ശ്രീ. പ്രഭാകരൻ ജില്ലാ ബാങ്കിലുള്ള കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ നിന്നും 1 കോടി രൂപ പിൻവലിച്ച് 85 ലക്ഷം രൂപ ജില്ല സഹകരണ ബാങ്കിൽ കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ലോൺ അക്കൗണ്ടിൽ അടക്കുകയും 15 ലക്ഷം രൂപ പലിശയിനത്തിൽ ജില്ലാ സഹകരണ ബാങ്കിൽ അടച്ചതായി കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ കണക്കുകളിൽ തെറ്റായി കാണിച്ച് ടി 15 ലക്ഷം രൂപ ടിയാൻ അപഹരിക്കുകയുമാണ് ചെയ്തത്.

(ബി) ഇത സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാ മാണ് കുറ്റക്കാരെന്നും ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ മുൻ സെക്രട്ടറി ശ്രീ. പ്രഭാകരനും, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അശോക് കുമാറും ആണ് കുറ്റക്കാർ. മുൻ സെക്രട്ടറി ശ്രീ. പ്രഭാകരനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അശോക് കുമാറിനെതിരെയും പോലീസ് കേസ് എടുത്തിട്ടുണ്ട്.

(സി) ഇതേ ബാങ്കിൽ തന്നെ മുക്കുപണ്ടം പണയം വച്ച് 25 ലക്ഷം രൂപ തട്ടിയെടുത്ത വിഷയവും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശ ങ്ങൾ അറിയിക്കുമോ?

(സി) മുക്ക പണ്ടം പണയം വെച്ച് 25 ലക്ഷം രൂപ തട്ടിയെടുത്ത വിഷയം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം തുടർന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**